

# ഭാരതഭേരി

(ഉണ്ണികൃഷ്ണൻ, ചേലേമ്പ്ര)
(പൂർവ്വവിദ്യാർത്ഥി)

സംസ്കൃത സംസ്കാരത്തിൻ സരിത്തിൽ
സമ്മോഹനം
സൌരഭ്യോദ്വഹയായ് സംഭാസിക്കും സരോജമേ!
കാവ്യസൽപ്രപഞ്ചത്തിൻ കാമ്യതേ,
ചിത്ശ്രീ തിങ്ങും
കാളിദാസീയ കാവ്യസമ്പത്തേ, നമസ്കാരം!

അങ്ങതൻ നിത്യസ്ഫുരദാത്മ ചൈതന്യത്തിന്റെ
മംഗളദീപപ്രഭാപ്രസരം നുകർന്നോരെ
പുണ്യയാം തവ ജന്മഭൂമിയിൽ, പുളകത്താൽ
പൂവൊളി ചിന്നും പൂഴിത്തരിയെപ്പൂണ്ടാവൂ ഞാൻ!
അപ്പൂഴിത്തരിക്കൊപ്പം തിരത്തല്ലേല്ക്കാനായി
നിൻപൂതഭദ്രാകരപ്രാന്തത്തിൽ വിനമ്രൻ ഞാൻ
ഭാരതവർഷത്തിന്റെ യാഗതീർത്ഥത്തിൻപുണ്യ-
വാഹിനിയനേകാബ്ദനിസ്തബ്ദയാനം ചെയ്കേ
വിക്രമാദിത്യൻ ചാർത്തിത്തന്നൊരാസ്യമന്ദക-
വിദ്രുമമാലികേ, നീയേ സഞ്ചരിച്ചതിലൂടെ!
'ശാകുന്തള'ത്തിൻ വെള്ളിത്തോണിയിലേറി നാക-
ലോകത്തേക്കെഴും സ്നേഹപാത നീതെളിയിച്ചു.
നീ നട്ട വനജ്യോത്സ്നയിന്നുമിജ്ജഗത്തിങ്കൽ
നിൻ ചിദാരമണീയ ജ്യോതിസ്സു പകരുന്നു.
ഒരുമാൻ കുഞ്ഞിൻ പുണ്ണിൽ നിൻകഥാറാണി പെരു-
മാറിയൊരോടലെണ്ണക്കീ ലോകം ഭാവിക്കുന്നു!
രഘുവംശത്താൽ തത്സൂക്തകാഹളമൂതി
ജഗതീനായകാചാര്യാഗ്ര്യനായ് വർത്തിക്കെത്താൻ
അങ്ങഹോ മധുരസൌന്ദര്യമോദകവീണ
നിന്നിമേഷനായ് മീട്ടിഹിമവൽപാദേ ചുററി.
കുട്ടിക്കാർമേഘക്കരിവീരന്മേലേറി ഋഷി-
നാട്ടിന്റെ യഥാർത്ഥ്യാന്തർല്ലാവണ്യം കാട്ടിഭവാൻ
ഉഷ്ണീഷപ്രതിഭതന്നേതധിത്യകയിലു-
ല്ലസിച്ചാവൂ തവതൃക്കൊടിജയക്കുറ!
അമ്മഹൽ സ്മരണതൻ ജൃംഭിതാഭിമാനം കൊ-
ണ്ടിമ്മണ്ണിൻമനമേൽപുതാവക യശോഭേരി.
ആ ഭേരീരവം നവ്യഭാരത സുഷുമ്നയിൽ
ആ മേളിപ്പിപ്പൂതാക! പൂർവ്വഗീർവ്വാണോല്ലാസം!!

# കേരളം

K. T. Achuthan.

കിഴക്കുഭാഗത്തു പരുപരത്തൊരു
പെരിയമാമലയുയർന്നു നില്ക്കുന്നു.
വടക്കുഗോകർണ്ണം കുമാരിതെക്കിതി-
ന്നിടയിൽകേരളം സമുല്ലസിക്കുന്നു.
പടിഞ്ഞാറുഭാഗം കനത്തനീലാബ്ധി
തിരയടിച്ചുലം തെളിഞ്ഞുമേവുന്നു.

* * * *

കുളിരിളംതെന്നൽ പരന്നു വീശുന്നു
കുളിച്ചുമേവുന്നു ചെറുനെൽതൈകളും
മുടിവിടർത്താടും കവുങ്ങുകൾ പര-
മൊളിചിതറുന്ന പുരയിടങ്ങളും
കനകകുംഭങ്ങൾ വഹിച്ചിട്ടും കേര-
തരുക്കളുംബഹുനിബിഡമാമിതിൽ
പകലന്തിയോളം പണിയുംകർഷകർ
സുഖവാസസ്ഥലം പ്രസിദ്ധ“കേരളം”
പ്രസിദ്ധകർഷകർ വിയർപ്പുതുള്ളിയാൽ
തിലകംചാർത്തുന്ന കളമല്ലെയിത്.
പലജനതകൾ, പലവിഭാഗക്കാർ
പലമതങ്ങളും പല ഭാഷകളും
സമനിലയോടെ തഴച്ചുപൊങ്ങുന്ന
പ്രസിദ്ധകേരളം പ്രശസ്തിനേടട്ടെ!



# മരുപ്പച്ചകൾ

യു. കലാനാഥൻ.

വൻപരിണാമങ്ങൾ തൻ പാതയിൽപ്പുരോഗതി-
പ്പൊൻരഥമുരുളുന്നനിസ്വനം മുഴങ്ങുമ്പോൾ,
പരിതസ്ഥിതിയാകെ നാളെയെസ്സമ്പൽപുഷ്ട-
പരിശ്ലിഷ്ടമായ് മാറാൻ വേഷമൊത്തുടുക്കുമ്പോൾ,
കാലമെൻനാടിൻറിക്തരക്തവാഹിനികളിൽ
ജീവകച്ചുടുരക്തം കുത്തിവെച്ചുകലുമ്പോൾ,
കൺമുമ്പിൽ കർത്തവ്യത്തിൻ ഘോഷയാത്രകൾനീളെ-
യുണ്മതൻമുദ്രാവാക്യമുച്ചത്തിൽ വിളിക്കുമ്പോൾ,
ഉന്മേഷച്ചിറപൊട്ടി;യെങ്ങുമൊരുണർവ്വിൻെറ-
ചിന്മയസ്വരംകേട്ടു;ഞെട്ടിമിന്നലസന്മാർ!

പ്രാചിയീമണ്ണിൽവെട്ടം വീശിയൊന്നെറിഞ്ഞപ്പോൾ,
പ്രാചീനസംസ്കാരത്തുമുത്തുകൾ ലഭിച്ചില്ലേ?
ആർത്തി പൂണ്ടാമൌക്തികമാലയീമണ്ണിൻമാറിൽ-
ച്ചാർത്തുവാനാഹ്ലാദപ്പൂച്ചെണ്ടുമായ് കുതിക്കുമ്പോൾ,
ഞങ്ങൾതൻഗതി,കർമ്മോൽക്കൃഷ്ടതേ,നിന്നാകാശ-
ഗംഗതൻതീർത്ഥം തളിച്ചാകവേശിവമാക്കൂ!......
ആഗരെപ്പുളുടാരത്തിൽക്കൂരിരുളിരിക്കുന്നു-
ണ്ടിക്കരെക്കടന്നെത്താൻ, ധൂമദുർഭൂതംപോലെ.

ആവൈദേശികഖഡ്ഗം ചലിക്കുംമുന്നെപ്രകാ-
ശാവനാഴികവേഗം സജ്ജമാക്കുകനമ്മൾ!
കിരണക്കൂരമ്പുകളെയ്തെത്തുവിജയത്തിൻ
സ്വരസാമ്രാജ്യംപോലും സ്വന്തമാക്കുകനമ്മൾ!
കർമ്മധീരതയെന്നും,ജീവിതാഗ്രഹസിദ്ധി-
ക്കിമ്മഹീമരുഭൂവിൽ,"പ്പച്ചകൾ"വിരിയ്ക്കട്ടെ !

---

(1961-ൽ പ്ലേറിങ്ങ്ഹോമിൻെറ ആഭിമുഖ്യത്തിൽ നടത്തിയ കവിസമ്മേളനത്തിൽ സമ്മാനം ലഭിച്ച കവിത.

കവിത

# നിലയ്ക്കാത്ത ഗാനം

എ. മാധവൻ, II B. Sc.

ആവതില്ലെങ്കിലെൻ ഭാവനയെന്തിതി–
പ്പൂവണിക്കൊന്നയിൽ പൂത്തുനില്ക്കാൻ.
ഭാവംപകർന്നുള്ളൊരു തിരായസ്സിൽ
കാവ്യംകുറിക്കും കവിഹൃത്തടത്തിൽ,
ആരുമോരാതെ ചെന്നന്തിക
ത്താണെന്നെ–
ന്നാരതിയോടൊന്നു പുണർന്നുപുൽകാൻ,
ഉത്സുകനാണെന്നാലെങ്കിലെന്തിതൊ–
രുത്സാരമീവിധം നോക്കിനില്ക്കാൻ?

* * * *

കാലംകരിങ്കാറിനപ്പുറമെത്രയോ
കാലമിരുന്നൊരു മാലകോർത്തു.
കള്ളിയറിയാതെ വാനിൻമടിത്തട്ടിൽ
വെള്ളിമേഘങ്ങളാൽ മൂടിവെച്ചു.
പച്ചിലച്ചാർത്തുകളൊച്ചവെപ്പിച്ചൊരു
കൊച്ചു സമീരണനൊഴുകിവന്നു.
താളമേളങ്ങളുയർന്നു വനാന്തരം
നീളെപ്പുളകമണിഞ്ഞുനിന്നു.
അല്ലിൻെറകോവിലിൻ മുററത്തിലമ്പിളി
കല്യാണമണ്ഡപം സജ്ജമാക്കി.
കണ്ടുഞാനാദ്യമക്കമ്രമാം വേദിയിൽ
വിമലസൌന്ദര്യസ്നിഗ്ദ്ധരൂപം.

പൊട്ടിവിടരാനിരുന്നപ്പുളകത്തിൻെറ
മൊട്ടുകളാർത്തിയാൽ നോക്കിനില്ക്കെ.
പൊഴിച്ചിട്ടൊരായിരം രാഗാഞ്ജലികളാം
ചുണ്ടിൽനിന്നുയർന്നൊരു മൌനഗാനം.
അല്പമിടയ്ക്കായനല്പസംഗീതത്തിലെ–
സല്ലാപസ്വപ്നമണിഞ്ഞുപോയ് ഞാൻ.

* * * *

മനോവികാരസംഗീതിയിൽ,നോർമ്മയിൽ
നിന്നിയോരോമൽക്കിനാവുകാണാൻ
നിന്നതൊ,നാമരൂപപ്പുഴയിൽക്കണ്ണിമ
ക്കുന്നി,യെന്നുള്ളം വിതുമ്പിനിന്നു.......
മങ്ങുമിരുളിൻെറ പട്ടടകളെല്ലിട
ങ്ങെല്ലാമമർന്നു!....കഴിഞ്ഞുസർവ്വം !
ആശിപ്പതിൻകനിയാസ്വദിക്കും മനു
ക്രൂശിലോരവം വിധിവൈപരീത്യം!
ആനന്ദനിർവൃതി വീണയിൽമാറിൻെറ
ശീല്കാരം മീട്ടുന്ന തത്വശാസ്ത്രം !!

* * * *

വാടിയൊഴിഞ്ഞുപോയേറെ
നാളെങ്കിലും
വാടിയില്ലെന്നിൽ കിളിർത്തഗാനം.
വ്യഗ്രമായ് വേദന വിങ്ങിക്കരയുമെ–
ന്നുഗ്രതാപത്തിൽ പുലർന്നഗാനം.